കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏകീകൃത സർവീസ് റൂൾ നടപ്പിലാക്കുന്നതിനുള്ള നിയമ നടപടികൾ

42 [2659] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഏകീകൃത സർവീസ് റൂൾ നടപ്പിലാക്കുന്നതിനുള്ള നിയമ നടപടികൾ ആരംഭിച്ചുവോ എന്ന് അറിയിക്കുമോ;

(ബി) ഇതര കോർപ്പറേഷനുകളെപ്പോലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാരുടെ നിലവിലുള്ള പ്രൊമോഷൻ സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ തീരുമാനം കൈക്കൊള്ളുമോ;

(സി) കോർപ്പറേഷനിൽ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി ആരംഭിച്ചിട്ടില്ല.

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ (പഴയ ഹെൽപ്പർ തസ്തിക) പ്രൊമോഷൻ സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനും മാനേജീരിയൽ പ്രൊമോഷൻ സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്നതിന് നടപടി

43 [2660] ശ്രീ. ടി. കെ. ദേവകുമാർ:
ശ്രീമതി ഗീതിജാ സുരേന്ദ്രൻ:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന അരി വാങ്ങി വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ബന്ധപ്പെട്ട വകുപ്പുമായി സർക്കാർ തലത്തിൽ ചർച്ചകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. 7-2-2005-ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അധികാരികളും, നെല്ല് സംഭരണ സഹകരണ സംഘങ്ങളുടെ പ്രതിനിധികളുമായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. ശബരി ബ്രാൻഡിൽ മട്ട അരിയായി കോർപ്പറേഷൻ നിഷ്കർഷിക്കുന്ന ഗുണമേൻമയിൽ ഇപ്പോൾ വിൽക്കുന്ന 500 ടണ്ണിൽ (പ്രതിമാസം) നിന്നും കൂടുതൽ വിൽക്കാനുള്ള ശ്രമം ആരംഭിക്കണമെന്ന കാര്യം ചർച്ച ചെയ്യുകയുണ്ടായി.

റേഷൻകാർഡ് നഷ്ടപ്പെട്ടവർക്ക് പകരം കാർഡ് കിട്ടുന്നതിനുള്ള നടപടിക്രമം

44 [2661] ശ്രീ. കെ. എൻ. എ. ഖാദർ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് പകരം കാർഡ് കിട്ടുന്നതിനുള്ള നടപടിക്രമം പുതുക്കിയിട്ടുണ്ടോ;

(ബി) പുതിയ കാർഡ് കിട്ടുന്നതിന് ആവശ്യമായി വരുന്ന കുറഞ്ഞ കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ച് പുതിയ കാർഡ് നൽകുന്നുണ്ടോ;

(ഡി) റേഷൻ കാർഡിലെ അക്ഷരത്തെറ്റുകൾ തിരുത്തുന്നതിനും ഇപ്പോഴുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുക്കിയിട്ടില്ല.

(ബി) ഏഴു ദിവസം.

(സി) ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് ഏഴു ദിവസത്തിനുള്ളിൽ പുതിയ കാർഡ് നൽകുന്നുണ്ട്.

(ഡി) നിലവിലുള്ള നടപടിക്രമമനുസരിച്ച് റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തി നൽകുന്നുണ്ട്. ലഘുവായ നടപടിക്രമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly